വിധവകൾക്കുള്ള പെൻഷൻ പദ്ധതി.

* 374. [5] ശ്രീ. പി. എസ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ധനരായ വിധവകൾക്കുള്ള പെൻഷൻ പദ്ധതിയനുസരിച്ച് ധനസഹായം ചെയ്യുവാൻ ഈ സാമ്പത്തികവർഷത്തിൽ എത്ര രൂപ നീക്കി വച്ചിട്ടുണ്ട് ;

(ബി) വിധവകൾക്കുള്ള പെൻഷൻ പദ്ധതിപ്രകാരം ഒരു വിധവയ്ക്ക് എത്ര രൂപവീതം പെൻഷൻ കൊടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഈ പദ്ധതിയനുസരിച്ചുള്ള സഹായം ലഭിക്കുന്നതിന് ഇതുവരെ എത്ര അപേക്ഷ ലഭിച്ചു ;

(ഡി) അതനുസരിച്ചു എത്രപേർക്ക് പെൻഷൻ അനുവദിച്ചു; എത്ര രൂപവീതം ?

മി. സ്പീക്കർ: ഇതിലെ ബി, സി ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്.

മുഖ്യമന്ത്രി (ശ്രീ ആർ. ശങ്കർ):

(എ) 2 ലക്ഷംരൂപ.

(ബി) പ്രായപൂർത്തിയാകാത്ത ഒരു കുട്ടിയോ, കുട്ടികളോ ഇല്ലാത്ത വിധവയ്ക്ക് പ്രതിമാസം പരമാവധി 15 രൂപയും, പ്രായപൂർത്തിയാകാത്ത ഒരു കുട്ടിയോ, കുട്ടികളോ ഉള്ള വിധവയ്ക്ക് പ്രതിമാസം 20 രൂപയും പെൻഷൻ കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എൻ. ഭാസ്കരൻനായർ: സഹോദരന്മാരുള്ള വിധവയ്ക്ക് ഈ പെൻഷൻ കൊടുക്കാതെ തടഞ്ഞുവച്ചിരിക്കുന്നതു ശരിയാണോ ?

ശ്രീ. ആർ. ശങ്കർ: സഹോദരന്മാരിൽനിന്നു അവർക്ക് യാതൊരു സഹായവും ലഭിക്കുന്നില്ലെന്നു വന്നാൽ പെൻഷൻ കൊടുക്കുവാൻ വിരോധമില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: നിർദ്ധനരായ വിധവകൾ എന്നു പറഞ്ഞാൽ അതു കണക്കാക്കുന്നതിന്റെ മാനദണ്ഡം എന്താണെന്നു പറയാമോ?

ശ്രീ. ആർ. ശങ്കർ: നിശ്ചിതമായ വരുമാനം ഉണ്ടാകാതിരിക്കുക, വല്ല വരുമാനവും ഉണ്ടെങ്കിൽ അതു 15 രൂപയിലും 20 രൂപയിലും താഴെയായിരിക്കുക ഇതൊക്കെയാണ് മാനദണ്ഡം.

ഹരിജൻ വെൽഫെയർ സ്കൂളുകളിലെ ഉപകരണങ്ങൾ.

* 375. [6] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഹരിജൻ വെൽഫെയർ സ്കൂളുകളിൽ ഓരോന്നിലും ആവശ്യമായ ഉപകരണങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) ഉപകരണങ്ങൾ ഒന്നും ഇല്ലാത്ത സ്കൂളുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ഏവ ;

(സി) ഒന്നുമുതൽ നാലുവരെ ക്ലാസുകളുള്ള ഒരു സ്കൂളിൽ എന്തെല്ലാം ഉപകരണങ്ങളാണ് ഡിപ്പാർട്ടുമെന്റിൽനിന്നും സപ്ലൈ ചെയ്യുന്നത് ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ആവശ്യമായ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly